## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2616 09.03.2017-ലെ മറുപടി**

**കടിവെള്ളം പാഴാക്കൽ തടയാൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.കെ. ശശി : | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ജീവനക്കാരുടെ കൃത്യ നിർവ്വഹണ വീഴ്ച മൂലം വരൾച്ച സമയത്തും കടിവെള്ളം നഷ്ടപ്പെടുന്നത് തടയുവാൻ വകുപ്പ് എന്തു നടപടി സ്വീകരിക്കുമെന്ന റിയിക്കുമോ ; സംസ്ഥാന ത്താകമാനം (വരൾച്ചാ കാലയളവിലും ) കടിവെള്ളം പല സ്ഥലത്തും പൈപ്പ് പൊട്ടി പാഴാകുന്നതും ഇക്കാര്യം വിളിച്ചറിയിച്ചാൽ പോലും വാട്ടർ അതോറിട്ടി യഥാസമയം നടപടികൾ സ്വീകരിക്കാത്തതു മൂലം പാഴായിപോകുന്നതും ഇതുവഴി ഉല്പാദന ചെലവ് നഷ്ടമാകുന്നതും വകുപ്പ് പരിശോധിച്ചുവോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു വെന്ന് വിശദമാക്കുമോ; | എ) വരൾച്ച പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനായി കൺട്രോൾ റൂമുകൾ ജില്ലാടിസ്ഥാനത്തിൽ തുറന്നിട്ടുണ്ട്. ഇത് കൂടാതെ 24x7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കേന്ദ്രികൃ കൺട്രോൾ റൂം ഹെഡ് ഓഫീസിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കൺട്രോൾ റൂമുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൊതുജനങ്ങളുടെ പരാതിയിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നു എന്ന് ഉറപ്പാക്കാനും ഒരു Drought Management Cell ഹെഡ് ഓഫീസിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള സന്ദേശങ്ങൾ ഉടനടി ഉദ്യോഗസ്ഥതലത്തിൽ കൈമാറാനും തത്സമയം ആശയവിനിമയം നടത്താനുമായി ഫീൽഡ് എഞ്ചിനീയർമാരെയെല്ലാം ഉൾ ക്കൊള്ളിച്ച് ഒരു വാട്സ് ആപ് ഗ്രൂപ്പും ആരംഭിച്ചിട്ടുണ്ട്.<br>പൈപ്പ് പൊട്ടൽ സംബന്ധിച്ച പരാതികൾ അടിയന്തിരമായി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. എന്നാൽ തിരക്കേറിയ റോഡുകളിൽ റോഡ് മുറിക്കാനുള്ള അനുമതി ലഭിക്കാനുള്ള കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യ ങ്ങളിൽ ബന്ധപ്പെട്ട വകുപ്പിന്റെ സഹകരണ ത്തോടെ കഴിയുന്നത്ര വേഗത്തിൽ അറ്റകുറ്റ പണികൾ നടത്തി ജലവിതരണം പുനസ്ഥാപിക്കുന്നു. |
| ബി) ഇത്തരത്തിൽ കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർ ക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്നും, സംസ്ഥാനത്ത് ഇത്തരം | ബി) ഇതുമായി ബന്ധപ്പെട്ട പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തി എന്നു ബോധ്യപ്പെട്ടാൽ അത്തരം ഉദ്യോഗസ്ഥർ ക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. |

വീഴ്ച വരുത്തിയ എത്ര ഉദ്യോഗസ്ഥരെ കണ്ടെത്തിയെന്നും വിശദമാക്കുമോ;

സി കുടിവെള്ള വിതരണ ശൃംഖല മെച്ചപ്പെടുത്തുവാനായി വകുപ്പിന് വർഷാവർഷം ശരാശരി എത്ര തുകയുടെ കേന്ദ്ര സംസ്ഥാന സഹായം ലഭിക്കുന്നു എന്നും ഇത് ഫലപ്രദമായി വകുപ്പ് അധികാരികൾ ഉപയോഗിക്കുന്നുണ്ടോ എന്നും ഇതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും എന്ത് നടപടി നാളിതുവരെ വകുപ്പ് സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

സി കുടിവെള്ള വിതരണ ശൃംഖല മെച്ചപ്പെടുത്തുവാനായി വകുപ്പിന് കഴിഞ്ഞ രണ്ടു വർഷ പ്ളാൻ ഇത്തരത്തിൽ ലഭിച്ച കേന്ദ്ര സംസ്ഥാന സഹായവും അവയുടെ വിനിയോഗവും ചുവടെ ചേർക്കുന്നു.

സംസ്ഥാന വിഹിതം (ലക്ഷം)

| വർഷം | | ചിലവാക്കിയത് |
|---|---|---|
| 2014-15 | 28338.72 | 38329.76 (മുൻ വർഷങ്ങളിലെ നീക്കിയിരുപ്പ് തുക ഉൾപ്പെടെ) |
| 2015-16 | 51919.07 | 48221.60 |

കേന്ദ്ര വിഹിതം (ലക്ഷം)

| വർഷം | | ചിലവാക്കിയത് |
|---|---|---|
| 2014-15 | 11955.63 | 12948.17 (മുൻ വർഷങ്ങളിലെ നീക്കിയിരുപ്പ് തുക ഉൾപ്പെടെ) |
| 2015-16 | 4528.18 | 6112.86 (മുൻ വർഷങ്ങളിലെ നീക്കിയിരുപ്പ് തുക ഉൾപ്പെടെ) |

കേന്ദ്ര സംസ്ഥാന സഹായം ഫലപ്രദമായി ഉപയോഗിച്ചു വരുന്നു.

Renuka Sankar
സെക്ഷൻ ഓഫീസർ